**ഉപ രാഷ്ട്രപതിയുടെ മൊറോക്കോ സന്ദർശനം ( മെയ്30-ജൂൺ 01, 2016 )**

മെയ് 26, 2016

ആദരണീയനായ ഉപ രാഷ്ട്രപതി ശ്രീ എം ഹമീദ് അൻസാരി, മെയ് 30 മുതൽ ജൂൺ ഒന്നു വരെ (മെയ് 30-ജൂൺ 01, 2016) മൊറോക്കോ സന്ദർശിക്കുന്നു, അദ്ദേഹത്തോടൊപ്പം ശ്രീമതി സൽമ അൻസാരിയും ഉണ്ടാകും . മൊറോക്കോ ഗവൺമെന്റ് തലവൻ ഹിസ് എക്സലൻസി ശ്രീ അബ്ദേലിലാ ബെങ്കിരാനെയുടെ ക്ഷണം സ്വീകരിച്ചാണ് സന്ദർശനം . അദ്ദേഹത്തോടൊപ്പം കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് വകുപ്പ് സഹമന്ത്രി ശ്രീ ഹൻസ് രാജ് ഗംഗാറാം ആഹിർ, പാർലമെന്റിലെ നാലംഗങ്ങൾ, മുതിർന്ന ഉദ്യോഗസ്ഥർ, മാധ്യമങ്ങൾ എന്നിവരും പോകുന്നുണ്ട്

ഇരു രാജ്യങ്ങൾക്കും മദ്ധ്യേ നിലനിൽക്കുന്ന ഊഷ്മളമായ ബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുക, ഉഭയകക്ഷി സാമ്പത്തിക സഹകരണത്തിനെ കൂടുതൽ വൈവിധ്യവത്ക്കരിക്കുക , വികസിപ്പിക്കുക , അതോടൊപ്പം പരസ്പരം താത്പര്യമുള്ള പങ്കുവയ്ക്കപ്പെടുന്ന വിപുലമായ വിഷയങ്ങളിൽ സഹകരണത്തിനും പങ്കാളിത്തത്തിനുമുള്ള പുതിയ സാധ്യതകൾ തേടുക എന്നതാണു സന്ദർശനത്തിന്റെ ലക്ഷ്യം

സന്ദർശനത്തോട് അനുബന്ധിച്ച് ആദരണീയനായ ഉപ രാഷ്ട്രപതി രാബത്തിൽ വച്ച് മൊറോക്കോ രാജാവു ഹിസ് മജസ്റ്റി മൊഹമ്മെദ് ആറാമൻ, പ്രധാനമന്ത്രി , ഹിസ് എക്സലൻസി അബ്ദേലീല ബെങ്കിരാനെ എന്നിവരുമായി കൂടിക്കാഴ്ച നടത്തും. , മൊറോക്കൻ പാർലമെന്റിലെ ഇരു സഭകളിലെയും സ്പീക്കർമാർ , വിദേശകാര്യ- സഹകരണ മന്ത്രി,

എന്നിവർ ഉപ രാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടത്തും. മൊറോക്കോയിലെ സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ ഉപ രാഷ്ട്രപതി മാറകേഷ് നഗരം സന്ദർശിക്കും അവിടേ മാറകേഷ് ഗവർണർ അദ്ദേഹത്തിന് ആതിഥ്യം അരുളും

രാബത്തിൽ വച്ച് ഉപ രാഷ്ട്രപതിയും മൊറോക്കോയിലെ പ്രധാന മന്ത്രിയും സംയുക്തമായി ഇന്ത്യാ-മൊറോക്കോ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിക്കു തുടക്കം കുറിക്കു. അവിടെ വച്ച് ഇന്ത്യൻ പ്രവാസ സമൂഹത്തിലെ അംഗങ്ങൾ അദ്ദേഹവുമായി ചർച്ചകൾ നടത്തും . സന്ദർശനത്തിന്റെ ഭാഗമായി ഉപ രാഷ്ട്രപതി മൊറോക്കോയിലെ പ്രമുഖ ചിന്തകർ , ഇമാമുമാർ എന്നിവരുമായി കൂടിക്കാഴ്ച നടത്തുകയും രാബത്തിലെ മൊഹമ്മദ് വി സർവകലാശാലയിൽ ഒരു പ്രഭാഷണം നടത്തുകയും ചെയ്യും

ന്യൂഡെൽഹി
മെയ് 26, 2016